**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2650** **13-02-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ജി.എസ്.ടി. കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. കോംപ്ലക്സ് നിർമ്മിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ സ്ഥലം റിസർവ്വ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര അളവ് സ്ഥലം എവിടെയാണ് റിസർവ്വ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായി കാസർഗോഡ് വില്ലേജിൽ റീസർവ്വേ നമ്പർ 210/PT യിൽ 20 സെന്റ് ഭൂമി കാസർഗോഡ് ജില്ലാ കളക്ടർ കൈമാറി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണെന്ന് വ്യക്തമാക്കുമോ; | (ബി) | കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ എസ്റ്റിമേറ്റ് എപ്പോൾ തയ്യാറാക്കുമെന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | മണ്ണ് പരിശോധനയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മണ്ണ പരിശോധന നടന്നു കഴിഞ്ഞാൽ മാത്രമേ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാനുള്ള നടപടി എടുക്കാൻ സാധിക്കുകയുള്ളുവെന്നു പൊതുമരാമത്തു കെട്ടിട വിഭാഗം അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഈ പ്രവൃത്തിക്ക് തുക മാറ്റിവെച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | നിലവിൽ ഈ പ്രവർത്തിക്കായി തുക മാറ്റിവെച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ